**File No.TCPCTP/2466/2019-D1**

മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
തിരുവനന്തപുരം

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -കോഴിക്കോട് ജില്ല കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പെട്രോൾ പമ്പ് നിർമ്മാണം - ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17/9/2019 ലെ എ 2/2463/19 നമ്പർ കത്ത്.

2. കോഴിക്കോട് ടൗൺ പ്ലാനറുടെ 15/10/2019, 12/12/2019 തീയതികളിലെ TCPKZD/3146/19/C1 നമ്പർ കത്തുകൾ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2466/2019-D1 തീയതി:**06/01/2020**

---

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കൂടരഞ്ഞി വില്ലേജിൽ സർവ്വേ നമ്പർ 150/1566 - ൽ ഉൾപ്പെട്ട 4653 ച.മീ സ്ഥലത്തിൽ നിന്നും വാടകയ്ക്കെടുത്ത 1618.4 ച.മീ സ്ഥലത്ത് 37.26 ച.മീ. വിസതീർണ്ണത്തിൽ വില്പന കെട്ടിടവും 282 ച.മീ. വിസ്തീർണ്ണത്തിൽ കനോപ്പിയും ഉൾപ്പെടുന്ന ഒരു പെട്രോൾ പമ്പ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി.ജസീന.കെ.എം., കൂടരഞ്ഞിയുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. പ്ലോട്ടിന്റെ അതിരളവുകൾ, ഭൂമിയുടെ തരം, ടി സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് അപേക്ഷകർക്കുള്ള അവകാശം എന്നിവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ.2011-ലെ ചട്ടം 61(8), (16), (17)പ്രകാരം ആവശ്യമായ ശുചിമുറി, നിർഗമനജല ശുചീകരണ സംവിധാനം എന്നിവ പ്രായോഗികമായി നടപ്പിലാക്കിയിട്ടുണ്ടെന്നും, പൊളിച്ചു നീക്കുന്നതിനായി പ്ലാനിൽ കാണിച്ചിട്ടുള്ള കെട്ടിടം പൊളിച്ചു മാറ്റിയതായും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നോ ഉള്ള അംഗീകാര സർട്ടിഫിക്കറ്റ്, നിർമ്മാണ പെർമിറ്റ് നൽകുന്നതിനുമുമ്പായി ലഭ്യമാക്കേണ്ടതാണ്.
4. ചട്ടം 61(9)പ്രകാരം ജില്ലാ കളക്ടറിൽ നിന്നുള്ള അംഗീകാരം നേടിയിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ

File No.TCPCTP/2466/2019-D1

നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 01/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് -673604

പകർപ്പ്:-

1. ശ്രീമതി.ജസീന.കെ.എം., കണക്കൻ പാറക്കൽ വീട്,
   കൂടരഞ്ഞി, കോഴിക്കോട് – 673604
2. ടൗൺ പ്ലാനർ, കോഴിക്കോട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം